പതിമൂന്നാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1147 — 13/06/2013-ലെ മറുപടിക്ക്

## ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ.കെ. രാധാകൃഷ്ണൻ

മറുപടി

ശ്രീ.അടൂർപ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടന്ന ഭൂസമരത്തിനോടനുബന്ധിച്ച് ഉണ്ടായ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (എ) | ഭൂസമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമല്ല ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമിനൽകാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015 പ്രകാരമാണ് ഭൂമി വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. വിതരണത്തിനായി ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കൂടാതെ ഭൂമി വിതരണത്തിനായി ലഭിച്ച അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം ജില്ലാ തലത്തിൽ നടന്നുവരുന്നു. അന്വേഷണം പൂർത്തിയായാൽ മാത്രമേ ഭൂരഹിതരായ കുടുംബങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ബി) | ഭൂരഹിതരായ എത്രപേർ ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ; | (ബി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയ്ക്ക് വേണ്ടി രണ്ട് ഘട്ടമായി ലഭിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഇതിൽ പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിലുള്ള എത്ര അപേക്ഷകരുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ ; | (സി) | അപേക്ഷകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 'ബി' ആയി ചേർക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് ഭൂരഹിതരായി സർക്കാരിന്റെ കണക്കനുസരിച്ച് എത്ര പേരാണുള്ളതെന്നും അതിൽ പട്ടിക ജാതി - വർഗ്ഗ വിഭാഗക്കാർ എത്ര പേരുണ്ടെന്നും ജില്ല തിരിച്ച് പറയാമോ; | (ഡി) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ സൂക്ഷ്മപരിശോധന ജില്ലാ തലത്തിൽ നടന്നു വരുന്നു. പരിശോധന പൂർത്തിയായാൽ മാത്രമേ എത്ര ഭൂരഹിതർ ഉണ്ടെന്നും ഇതിൽ എത്ര പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാരുണ്ടെന്നും കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളു. |
| (ഇ) | സംസ്ഥാനത്ത് ഭൂരഹിതരായ മുഴുവനാളുകൾക്കും ഭൂമിക്കുവേണ്ടി അപേക്ഷ സമർപ്പിക്കുവാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | ഇ) & (എഫ്) | ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. |
| (എഫ്) | എങ്കിൽ ഭൂരഹിതരായ എല്ലാവർക്കും ഭൂമി ലഭിക്കുന്ന വിധം അപേക്ഷകൾ സ്വീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

US 1147 / 13/6

അനുബന്ധം 'എ'

| ക്രമ നം . | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 50834 |
| 2 | കൊല്ലം | 30899 |
| 3 | പത്തനംതിട്ട | 9117 |
| 4 | ആലപ്പുഴ | 19689 |
| 5 | കോട്ടയം | 10868 |
| 6 | ഇടുക്കി | 13299 |
| 7 | എറണാകുളം | 45008 |
| 8 | തൃശ്ശൂർ | 32183 |
| 9 | പാലക്കാട് | 33322 |
| 10 | മലപ്പുറം | 26901 |
| 11 | കോഴിക്കോട് | 9555 |
| 12 | വയനാട് | 6558 |
| 13 | കണ്ണൂർ | 14454 |
| 14 | കാസർഗോഡ് | 12727 |
| | **ആകെ** | **315414** |

S.O.

US 1147
12/6

അനുബന്ധം 'ബി'

| ക്രമ നം . | ജില്ല | പട്ടിക ജാതി അപേക്ഷ | പട്ടികവർഗ്ഗ അപേക്ഷ |
|---|---|---|---|
| 1 | തിരുവനന്തപുരം | 6635 | 24 |
| 2 | കൊല്ലം | 4471 | 27 |
| 3 | പത്തനംതിട്ട | 706 | 63 |
| 4 | ആലപ്പുഴ | 1602 | 51 |
| 5 | കോട്ടയം | 1059 | 118 |
| 6 | ഇടുക്കി | 2803 | 90 |
| 7 | എറണാകുളം | 4431 | 146 |
| 8 | തൃശ്ശൂർ | 5400 | 17 |
| 9 | പാലക്കാട് | 3379 | 274 |
| 10 | മലപ്പുറം | 2847 | 117 |
| 11 | കോഴിക്കോട് | 429 | 9 |
| 12 | വയനാട് | 542 | 760 |
| 13 | കണ്ണൂർ | 837 | 60 |
| 14 | കാസർകോട് | 524 | 280 |
| | ആകെ | 35665 | 2036 |

15-05